Rao Sahib I. N. Menon.—At present, there are altogether 24 libraries, 12 village libraries and 12 public libraries and provision is being made every year in the educational budget to start village libraries in about 4 or 5 villages.

Mr. A. V. Moothedan.—Are you starting any new village libraries next year?

Rao Sahib I. N. Menon.—Yes.

Mr. A. V. Moothedan.—May I know how many?

Rao Sahib I. N. Menon.—I can't give the exact number.

Depressed Class denominations—Erroneous classification of Padannas.

79. മിസ്റ്റർ വി. എസ്സ്. കൃഷ്ണൻ വൈദ്യർ.— താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു ഭയവായി മറുപടി പറയുമൊ.—

(എ) അധഃകൃത ഡിപ്പാർട്ടുമെണ്ടിൽ പടന്നന്മാരെ കണക്കന്മാരെന്നെഴുതിക്കാണുന്നതിനെ മാററി എല്ലാ എഴുത്തുകുത്തുകളിലും എല്ലാ റിക്കാർട്ടുകളിലും പടന്നന്മാരെന്നു മാത്രം എഴുതിക്കാണുന്നതിനും, മു മ്പേ എഴുതീട്ടുള്ള എല്ലാ റിക്കാർട്ടുകളും വെട്ടി പടന്നന്മാരെന്ന് എഴു ത്തുവാൻ ഗവമ്മെണ്ടിന്ന് ഭയവുണ്ടാകുമൊ;

(ബി) അധഃകൃതർ എന്നു പറയപ്പെടുന്നവർ എത്ര വർഗ്ഗക്കാരുണ്ട്; അവർ ഓരോ വർഗ്ഗക്കാരും ജനസംഖ്യ എത്രവീതം ഉണ്ട്?

മിസ്റ്റർ എം. പി. ചെറിയാൻ.— (എ) ഈ ഡിപ്പാർട്ടുമെണ്ടിൽ സാധാരണയായി പടന്നന്മാരെ കണക്കന്മാരെന്നു മാത്രം വിളിക്കാറില്ല. ഇനി മേലിൽ പടന്നന്മാരെ പടന്നന്മാർ എന്നുതന്നെ വിളിക്കുന്നതിനു വിരോധമില്ല. ഇതിനുമുമ്പ് ഇക്കാര്യത്തിൽ യാതൊരു അപേക്ഷയും കിട്ടിയിട്ടില്ലാത്തതിനാൽ മുൻ റിക്കാർട്ടുകളെ ഭേദപ്പെടുത്തുവാൻ നിവൃത്തിയില്ല.

(ബി) ൫൦ വർഗ്ഗക്കാരുണ്ട്.

	അവരുടെ ജനസംഖ്യ
പടന്നർ	൨൩,൭൯൨
മലയൻ	൩൰൭൨൬
സാമ്പവർ (പറയർ)	൭൭,൯൭൪ (തമിഴപറയർ ഉൾപ്പടെ)
വേട്ടുവർ	൭൭, ൯൬
നായാടി	൭൬൨
കാടർ	൨൯൬
പുലയർ	൱൨,൦൪൯

LIBRARY ARCHIVES Kerala Legislative Assembly

ഉള്ളാടൻ	വൈ
പുള്ളുവർ	ഫ്രൈ
കവറാ	ൻെറ

ഫ്രൗർ,ഫവ്വ് according to the recent Census (1931.)

മിസ്റ്റർ കെ. എസ്സ് പണിക്കർ.— പടന്നന്മാരും കണക്കന്മാരും തമ്മിലുള്ള വ്യത്യാസമെന്താണ്?

മിസ്റ്റർ എം. പി. ചെറിയാൻ.— അവർതന്നെ പടന്നന്മാരാണെന്നും കണക്കന്മാരാണെന്നും ഒക്കെ പറയുന്നുണ്ട്.

മിസ്റ്റർ വി. എസ്സ്. കൃഷ്ണൻവൈദ്യൻ.— പടന്നന്മാർ എന്നു പറയുന്നതുകൊണ്ടു ഉപ്പുണ്ടാക്കുന്നവരാണെന്ന് ഗവമ്മെൻറിനറിയാമോ?

മിസ്റ്റർ എം. പി. ചെറിയാൻ.— അവർ ഉപ്പുണ്ടാക്കുമായിരിക്കാം.

മിസ്റ്റർ വി. എസ്സ്. കൃഷ്ണൻവൈദ്യൻ.— പടന്നന്മാക്ക് അധികൃത ഡിപ്പാർട്ടുമെൻറിൽ വല്ല ജോലിയും കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ എം. പി. ചെറിയാൻ.— ഉണ്ടോ എന്ന് നോക്കിവേണം പറയുവാൻ. പെട്ടെന്നു പറയുവാൻ സാധിക്കയില്ല.

മിസ്റ്റർ വി. കെ. കുട്ടി.— വേറെ വല്ല ഡിപ്പാർട്ടുമെൻറുകളിലും പടന്നന്മാക്കുദ്യോഗം കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ.— ഗവമ്മെൻറു പ്രസ്സിലുണ്ട്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— എത്ര ആളുകൾക്കു കൊടുത്തിട്ടുണ്ടെന്നു ദയവായി പറയാമോ.

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ.— ഒരു ആളുണ്ട്.

മിസ്റ്റർ എ. ഈച്ചരമേനോൻ.— പടന്നന്മാർ എന്നു പറയുന്നവർ കണക്കന്മാരല്ലേ?

മിസ്റ്റർ വി. എസ്സ്, കൃഷ്ണൻവൈദ്യൻ.— പടന്നന്മാരെ കണക്കന്മാരെന്ന് വേട്ടുവർ സാധാരണ വിളിച്ചുവരാറില്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ—. എന്നാൽ അവരോടു ചോദിച്ചിട്ടുവേണം ഇതു മാറുവാൻ.

Location of toddy shops—Palanji and Kattakampal Villages.

80 Mr. T. C. Iyyukutty.—Will the Government be pleased to state:—

LIBRARY ARCHIVES Kerala Legislative Assembly